(സി) 112 ബി.ജെ.പി. പ്രവർത്തകർക്കും 35 കോൺഗ്രസ്സ് പ്രവർത്തകർക്കും എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 18 അക്രമ സംഭവങ്ങൾ

(ഇ) 170 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(എഫ്) ആകെ 58,500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഡിസംബർ 2-ാം തിയതി നടന്ന ഹർത്താൽ

33(744) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഡിസംബർ 2-ന് ബി.ജെ.പി. നടത്തിയ ഹർത്താലിനോടനുബന്ധിച്ച് സംസ്ഥാനത്താകെ എത്ര അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ അക്രമസംഭവങ്ങളിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(സി) ഇതോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ എത്ര കെ.എസ്. ആർ.ടി.സി. ബസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ഫലമായി എത്ര ലക്ഷം രൂപയുടെ നഷ്ടം കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്;

(ഇ) അന്നേദിവസം നടന്ന അക്രമങ്ങളിൽ എത്ര പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(എഫ്) ഹർത്താലിന്റെ ഭാഗമായി പല ആഫീസുകളിലും കയറി ആർ.എസ്.എസ്. കാർ ജീവനക്കാരെ കയ്യേറ്റം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട എത്ര ആർ.എസ്.എസ്. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(എച്ച്) അക്രമങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ ആർ.എസ്.എസ്.കാരേയും അറസ്റ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 169 അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 105 പേർക്ക്

(സി) 59 കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ഒരു കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സിനും കേടുപാട് സംഭവിച്ചിട്ടുണ്ട്.

(ഡി) 2,80,250 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

(ഇ) 38 പോലീസുകാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(എഫ്) തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, എന്നിവിടങ്ങളിൽ അത്തരം സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) 826 ആർ.എസ്.എസ്/ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേസ്സിൽ പ്രതികളായവരെ അറസ്റ്റ്ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാന പോലീസിന്റെ ആധുനികവൽക്കരണം

34(745) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനേയും കുറ്റാന്വേഷണ സംവിധാനത്തേയും ആധുനികവൽക്കരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എന്തൊക്കെ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്;

(ബി) സാറ്റലൈറ്റുകളെ ആശ്രയിച്ചുള്ള എന്തെങ്കിലും പോലീസ് കുറ്റാന്വേഷണ സംവിധാന നവീകരണ പദ്ധതിയുണ്ടോ;

(സി) സംസ്ഥാന പോലീസിന് മൊബൈൽ ഫോണുകൾ നൽകാനും ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ കമ്പ്യൂട്ടർവൽകൃത വിരലടയാള തിരിച്ചറിയിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും പദ്ധതിയുണ്ടോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈം സ്റ്റോപ്പർ, പോലീസ് കൺട്രോൾ റൂം, ഫ്ളൈയിംഗ് സ്കാഡ്, ക്രൈം മോണിറ്ററിംഗ് റൂം, പാന്തർ പട്രോളിംഗ്, റാപിഡ് ആക്ഷൻ പട്രോളിംഗ്, പോലീസ് വെബ് സൈറ്റ്, ഇലക്ട്രോണിക് മെയിൽ എന്നീ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. കൂടാതെ തിരുവനന്തപുരം സിറ്റിയിൽ കമ്പ്യൂട്ടർ, റിസപ്ഷൻ കൗണ്ടർ എന്നീ സൗകര്യങ്ങളോടുകൂടി അഞ്ച് പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനാക്കിയിട്ടുണ്ട്. മറ്റു പോലീസ് സ്റ്റേഷനുകളിലേക്ക് ഈ സമ്പ്രദായം വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. പോലീസ് സേനാംഗങ്ങളുടെ ജോലിഭാരം കണക്കിലെടുത്ത് അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ എച്ച്.സി/പി.സി.മാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഫയറിംഗ് പരിശീലനത്തിനായി ഇലക്ട്രോണിക് സിമുലേറ്റർ വാങ്ങിയിട്ടുണ്ട്. പോലീസ് സേനയുടെ പരിശീലന സൗകര്യങ്ങളിൽ ബൃഹത്തായ മാറ്റം വരുത്തുന്നതിനുവേണ്ടി തൃശ്ശൂർ ആസ്ഥാനമാക്കി പോലീസ് അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കുറ്റാന്വേഷണത്തിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തെ സംബന്ധിച്ച് ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ഹൈദരാബാദിലെ സെൻട്രൽ ഡിറ്റക്ടീവ് ട്രെയിനിംഗ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കേരള പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ഇൻവെസ്റ്റിഗേഷൻ കിറ്റ് ബോക്സുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ക്രൈംബ്രാഞ്ച് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിച്ച് പോലീസ് പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടി രഹസ്യാന്വേഷണ വിഭാഗവും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കുറ്റവാളികളേയും കുറ്റകൃത്യങ്ങളിൽ സംശയിക്കപ്പെടുന്നവരേയും സംബന്ധിച്ച് ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെ സർവ്വ വിവരങ്ങളും ഉൾക്കൊള്ളുന്ന കമ്പ്യൂട്ടർ ഡാറ്റാ ഷീറ്റു

LIBRARY ARCHIVES Kerala Legislative Assembly